www.cdit.org

**CENTRE FOR DEVELOPMENT OF IMAGING TECHNOLOGY (C-DIT)**

**TECHNOLOGY EXTENSION TEAM**

Cherunniyoor Towers, Vanchiyoor P.O., Thiruvananthapuram-35

Phone: 0471 – 3076905, Fax: 0471 - 3076910

No. 887-A / TET / 2011 / C-DIT 05-01-2012

**പ്രസിദ്ധീകരണത്തിന് (ALL EDITIONS)**

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം

***തിരുവനന്തപുരം :*** ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ കേരളസംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ നടത്തുന്ന സൗജന്യ കമ്പ്യൂട്ടർ പരിശീലനത്തിന് അപേക്ഷക്ഷണിച്ചു. കേരളസർക്കാർ സ്ഥാപനമായ സി-ഡിറ്റ് മുഖേനയാണ് പരിശീലനം നൽകുന്നത്. കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്കാണ് പരിശീലനം. ക്രിസ്ത്യൻ, മുസ്ലീം, ബുദ്ധ, സിക്ക്, പാഴ്സി എന്നീ വിഭാഗങ്ങളിൽപ്പെട്ട എസ്.എസ്.എൽ.സി പാസായ 18 നും 35 നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. വാർഷിക വരുമാനപരിധി ഗ്രാമപ്രദേശങ്ങളിലുമുള്ളവർക്ക് 40000 രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 55000 രൂപയുമാണ്. പരിശീലനത്തിനു തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 500 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകും. താൽപര്യമുള്ളവർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം രജിസ്ട്രാർ, സി-ഡിറ്റ്, ചെറുന്നിയൂർ ടവേഴ്സ്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം-695035 എന്ന വിലാസത്തിൽ 2012 ജനുവരി 20 നകം അപേക്ഷിക്കേണ്ടതാണ്. അപേക്ഷാഫോറം www.cdit.org, www.tet.cdit.org, www.ksbcdc.com എന്നിവയിൽ നിന്നും ലഭ്യമാണ്.

രജിസ്ട്രാർ

സി-ഡിറ്റ്